# മഹാത്മാഗാന്ധി സർവകലാശാല

പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560

(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)


Draft #1 of File 71814/P&D 2-2/2025/P&D 2 Approved by Registrar on 16-Aug-2025 02:45 PM - Page 1

നമ്പർ. 71814/P&D 2-2/2025/P&D 2 തീയതി: 16.08.2025

പ്രേഷകൻ

രജിസ്ട്രാർ

സ്വീകർത്താവ്

വകുപ്പ് മേധാവികൾ

സർവ്വകലാശാല പഠന വകുപ്പുകൾ.

സർ

വിഷയം:- സ്ഥിരം ഗവേഷണ വിദ്യാർത്ഥികൾക്കുള്ള "CM Researcher Scholarship"- നടപ്പാക്കുന്നതിനായിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1. സ.ഉ (കൈ) നം. 387/2025/HEDN, തീയതി 16.06.2025.
2. സ.ഉ (കൈ) നം. 603/2025/HEDN, തീയതി 10.08.2025.

ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി സ്ഥിരം ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രതിമാസ ഫെലോഷിപ്പ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയാണ് "CM Researcher Scholarship". പ്രസ്തുത പദ്ധതി കുറ്റമറ്റ രീതിയിൽ സുതാര്യമായി നടപ്പാക്കുന്നതിനായിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, മേൽ സൂചന ഉത്തരവുകൾ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദേശങ്ങൾ ചുവടെ ചേർക്കുന്നു: -

1. അപേക്ഷകർ ഇന്ത്യൻ പൗരനും, സർക്കാർ എയ്ഡഡ്, യൂണിവേഴ്സിറ്റി ഡിപ്പാർട്മെന്റുകൾ എന്നിവിടങ്ങളിലെ റഗുലർ/ഫുൾ ടൈം Ph.D റിസർച്ച് സ്കോളറും ആയിരിക്കണം.
2. അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്ന വർഷം രജിസ്റ്റർ ചെയ്തിട്ടുള്ള റഗുലർ/ഫുൾ ടൈം ഗവേഷണ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്.
3. കേന്ദ്ര /കേരള സർക്കാർ, യൂണിവേഴ്സിറ്റി, മറ്റേതെങ്കിലും ഫണ്ടിംഗ് ഏജൻസികളിൽ നിന്ന് ഫെലോഷിപ്പ് സ്വീകരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
4. മാസം തോറും 10,000/- രൂപയാണ് (പതിനായിരം രൂപ) ഫെലോഷിപ്പ് തുക. പ്രസ്തുത തുക വർഷത്തിൽ 2 ഗഡുക്കളായി ജൂണിലും ഡിസംബറിലുമായി അനുവദിച്ചു നൽകുന്നതാണ്.
5. റിസർച്ച് സ്കോളറായി ജോയിൻ ചെയ്യുന്ന തീയതി മുതൽ മൂന്ന് വർഷത്തേക്ക് മാത്രമായിരിക്കും ഫെലോഷിപ്പ് അനുവദിക്കുക.
6. ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആദ്യ ഗഡു സ്കോളർഷിപ്പ് തുക അനുവദിക്കുന്നതാണ്. പിന്നീടുള്ള ഗഡുക്കൾ അറ്റൻഡൻസ് & പ്രോഗ്രസ്സ് റിപ്പോർട്ട്

സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കും.

7. ആറ് മാസം കൂടുമ്പോൾ ബന്ധപ്പെട്ട ഗൈഡിൽ നിന്നും അറ്റൻഡൻസ് & പ്രോഗ്രസ്സ് റിപ്പോർട്ട് ഒപ്പിട്ട് വാങ്ങി സ്ഥാപന മേധാവി വഴി സമർപ്പിക്കേണ്ടതാണ്. ആയത് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ സ്കോളർഷിപ്പ് തുക വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് അനുവദിക്കുകയുള്ളൂ.

8. ബന്ധപ്പെട്ട യൂണിവേഴ്സിറ്റിഉത്തരവിൽ കാണിച്ചിട്ടുള്ള കാലയളവിനുള്ളിൽ ഗവേഷണം പൂർത്തിയാക്കി തിസീസ് സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൈപ്പറ്റിയ സ്കോളർഷിപ്പ് തുക 18% പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണ്.

9. ഇടയ്ക്ക് വച്ച് ഫുൾ ടൈം കോഴ്സിൽ നിന്ന് പാർട്ട് ടൈം കോഴ്സിലേക്ക് മാറുന്ന പക്ഷം ഫെലോഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

10. ഗവേഷണം പൂർത്തിയാക്കുന്ന മുറയ്ക്ക് യൂണിവേഴ്സിറ്റി നൽകുന്ന തിസീസ് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, Ph.D ഡിഗ്രിയുടെ പകർപ്പ് എന്നിവ സമർപ്പിക്കേണ്ടതാണ്.

11. അപേക്ഷകരുടെ ബാഹുല്യത്തിനും, അലോട്ട്മെന്റ് ലഭ്യതയ്ക്കും അനുസരിച്ച് സ്കോളർഷിപ്പ് നിജപ്പെടുത്തുന്നതിന് അക്കാഡമിക് മെരിറ്റിന്റെ (അടിസ്ഥാന കോഴ്സ് ) അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കുന്നതാണ്.

12. ഓരോ വർഷവും ജനുവരി, ജൂലൈ മാസങ്ങളിലെ ബാച്ചുകളിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളിൽ നിന്നും യോഗ്യരായ 555 വിദ്യാർത്ഥികളെ ആണ് "CM Researcher Scholarship"നായി തെരഞ്ഞെടുക്കുന്നത്.

പ്രസ്തുത വിവരം സർവ്വകലാശാല പഠന വകുപ്പുകളിലെ സ്ഥിരം ഗവേഷണ വിദ്യാർത്ഥികളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിക്കുന്നു.

MAHATMA GANDHI UNIVERSITY KOTTAYAM

വിശ്വസ്തതയോടെ

Bismi

ഡോ.ബിസ്മി ഗോപാലകൃഷ്ണൻ

രജിസ്ട്രാർ

C.O

P&D 2 Sn.

ഉള്ളടക്കം:

സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ.

Draft #1 of File 718140/P&D 2-2/2025/P&D 2 Approved by Registrar on 16-Aug-2025 02:45 PM - Page 2